മുദ്രകൾ

# ഇറാഖി പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ദിശാസൂചനകൾ

**അടുത്ത** ഇറാഖി പ്രധാനമന്ത്രി ആര്? ഇയാദ് അലാവിയോ നൂർ മാലികിയോ? തെരഞ്ഞെടുപ്പ് ഫല പ്രഖ്യാപനം കഴിഞ്ഞ് ദിവസങ്ങൾ പിന്നിട്ടിട്ടും ഇനിയുമൊരു തീരുമാനമായിട്ടില്ല. മന്ത്രിസഭ രൂപവത്കരിക്കാൻ ആവശ്യമായ സീറ്റുകളുടെ (163) അടുത്തൊന്നും ഇരു മുന്നണിയും എത്തിയിട്ടില്ല എന്നതാണ് കാരണം. മുൻ പ്രധാനമന്ത്രി കൂടിയായ ഇയാദ് അലാവി നേതൃത്വം നൽകുന്ന ഇറാഖിയ്യ എന്ന ഇറാഖി നാഷ്നൽ മൂവ്മെന്റിനാണ് കൂടുതൽ സീറ്റ്– 91. തൊട്ടടുത്ത് നിലവിലുള്ള പ്രധാനമന്ത്രി നൂർ മാലികിയുടെ സ്റ്റേറ്റ് ഓഫ് ലോ മുന്നണി–89. ശീഈ –കുർദ് പാർട്ടികളെയോ തവാഫുഖ് എന്ന സുന്നി ഇസ്‌ലാമിക സഖ്യത്തെയോ ഒക്കെ കൂട്ടിക്കൊണ്ടേ ആർക്കും ഒരു മന്ത്രിസഭ തട്ടിപ്പടക്കാനാവൂ. അലാവിക്കാവും നറുക്ക് വീഴുക എന്ന് തുടക്കത്തിൽ പ്രതീക്ഷിക്കപ്പെട്ടിരുന്നെങ്കിലും ബഅ്സ് സോഷ്യലിസ്റ്റ് പാർട്ടിയുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് ആ സഖ്യത്തിലെ ആറ് പാർലമെന്റ് അംഗങ്ങളെ അയോഗ്യരാക്കിയ നടപടി അദ്ദേഹത്തിന് തിരിച്ചടിയായിരിക്കുകയാണ്. ഇറാന്റെ ഇടപെടലിനെതിരെ കടുത്ത ഭാഷയിൽ സംസാരിച്ചുകൊണ്ട് അമേരിക്കയുടെ പ്രീതി സമ്പാദിക്കുകയെന്ന തന്ത്രമാണ് ഇപ്പോൾ അലാവി പയറ്റിക്കൊണ്ടിരിക്കുന്നത്. ഇറാഖിൽനിന്ന് മാനം പോകാതെ എങ്ങനെയെങ്കിലും തലയൂരിയാൽ മതി എന്ന് ചിന്തിക്കുന്ന അമേരിക്കയാവട്ടെ ഈ കടിപിടിയിൽ പക്ഷം ചേരാൻ താൽപര്യം കാണിക്കുന്നുമില്ല.



■ താരിഖ് ഹാശിമി

പ്രധാനമന്ത്രിയായി അലാവി വന്നാലും മാലികി വന്നാലും വലിയ മാറ്റമൊന്നും ആരും പ്രതീക്ഷിക്കുന്നില്ല. അതേസമയം, ഈ തെരഞ്ഞെടുപ്പ് നൽകുന്ന ചില സുപ്രധാന സൂചനകളുണ്ട്. വംശീയ/വിഭാഗീയ/ പ്രാദേശിക കക്ഷികൾക്കേറ്റ തിരിച്ചടിയാണത്. സെക്യുലർ, ദേശീയം എന്നീ വിശേഷണങ്ങളോടെ രംഗത്തുവന്ന അലാവിയുടെ മുന്നണി മുമ്പിലെത്താൻ ഒരു കാരണമതാണ്. പ്രാദേശിക/ വംശീയവാദത്തിനെതിരെയാണ് വിധിയെഴുത്ത് എന്ന് വേണമെങ്കിൽ വാദിക്കാം.

തവാഫുഖ് എന്ന ഇസ്‌ലാമിക കൂട്ടായ്മക്ക് തിരിച്ചടിയേറ്റതും രാഷ്ട്രീയ നിരീക്ഷകർ വിശകലനം ചെയ്യുന്നുണ്ട്. അവരുടെ സീറ്റ് 45–ൽനിന്ന് വെറും ആറായി ചുരുങ്ങി. അൽ ഹിസ്ബുൽ ഇസ്‌ലാമി എന്ന ഇസ്‌ലാമിക കക്ഷിയാണ് ഈ മുന്നണിയുടെ നട്ടെല്ല്. മുന്നണിയിലേക്ക് പുതിയ കക്ഷികളെ കൊണ്ടുവരാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, അതിനെ നയിച്ച പല പ്രമുഖരും പാളയം

വിടുകയും ചെയ്തു. മുന്നണിയുടെ ശില്‍പികളായ ത്വാരിഖുല്‍ ഹാശിമി, റാഫിഉല്‍ ഐസാവി, അബ്ദുല്‍ കരീം സംറാനി, ഉസാമ നജീഫി എന്നിവര്‍ ഇറാഖിയ്യ മുന്നണിയിലേക്ക് പോയതോടെ അതാണ് യഥാര്‍ഥ സുന്നി ഇസ്‌ലാമിക മുന്നണി എന്ന് ജനം ധരിച്ച് വശാകാനും ഇടയുണ്ട്. ഇറാഖിയ്യ മുന്നണി സ്ഥാനാര്‍ഥിയായി മത്സരിച്ച ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുന്‍ സാരഥി ത്വാരിഖുല്‍ ഹാശിമി നേടിയ മിന്നുന്ന വിജയം അതിന്റെ തെളിവായി ചൂണ്ടിക്കാട്ടാം. റാശിദുല്‍ ഗനൂശി നിരീക്ഷിച്ചത് പോലെ, വളരെ സങ്കീര്‍ണതകളുള്ള ഒരു ബഹുവംശീയ സമൂഹത്തില്‍ എങ്ങനെ വിജയകരമായ തെരഞ്ഞെടുപ്പ് സ്ട്രാറ്റജി രൂപപ്പെടുത്താം എന്നതിനെക്കുറിച്ച് ഇസ്‌ലാമിസ്റ്റുകള്‍ ഇനിയും ഒരുപാട് ഗൃഹപാഠം ചെയ്യേണ്ടിയിരിക്കുന്നു. ■

## അഹ്മദ് ത്വയ്യിബ് പുതിയ ശൈഖുല്‍ അസ്ഹര്‍

**ഈജിപ്തിലെ** പൗരാണിക വിദ്യാ കേന്ദ്രമായ അല്‍ അസ്ഹറിന്റെ 43-ാമത്തെ റെക്ടറായി (ശൈഖുല്‍ അസ്ഹര്‍) ഡോ. അഹ്മദ് ത്വയ്യിബ് ചുമതലയേറ്റു. ഈജിപ്ഷ്യന്‍ പ്രസിഡന്റ് ഹുസ്നി മുബാറകിന്റെ നിര്‍ദേശ പ്രകാരമാണ് 66-കാരനായ അഹ്മദ് ത്വയ്യിബിന്റെ നിയമനം. സുഊദി അറേബ്യയില്‍ വെച്ച് അന്തരിച്ച മുഹമ്മദ് സയ്യിദ് ത്വന്‍ത്വാവിയുടെ പിന്‍ഗാമിയാണ് അദ്ദേഹം.



അപ്പര്‍ ഈജിപ്തിലെ ഖനാ പ്രവിശ്യായില്‍ ഒരു സൂഫി കുടുംബത്തിലാണ് അഹ്മദ് ത്വയ്യിബിന്റെ ജനനം. പിതാവ് ഒരു സൂഫി ത്വരീഖത്തിന്റെ നേതാവായിരുന്നു. പിതാവിന്റെ മരണ ശേഷം ത്വരീഖത്തിന്റെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തു.

ഇസ്‌ലാമിക വിശ്വാസക്രമം, തത്വശാസ്ത്രം എന്നീ വിഷയങ്ങളില്‍ 1977-ല്‍ അല്‍ അസ്ഹറില്‍നിന്നാണ് അദ്ദേഹം ഡോക്ടറേറ്റ് നേടിയത്. അല്‍ അസ്ഹറിലെ മതസംവാദ ഫാക്കല്‍റ്റിയുടെ ചുമതല വഹിച്ചുവരികയായിരുന്നു. ഫിഖ്ഹ്, ശരീഅത്ത്, തസവ്വുഫ് എന്നീ വിഷയങ്ങളില്‍ നിരവധി പുസ്തകങ്ങള്‍ എഴുതിയിട്ടുണ്ട്. അറബിക്ക് പുറമെ ഇംഗ്ലീഷ്, ഫ്രഞ്ച് ഭാഷകളില്‍ നല്ല പ്രാവീണ്യം. നിരവധി ഫ്രഞ്ച് ക്ലാസിക് കൃതികള്‍ അറബിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. വിഷയങ്ങള്‍ ആഴത്തില്‍ അപഗ്രഥിക്കുന്ന ഈ പണ്ഡിതന്‍ എന്നും വിവാദങ്ങളില്‍നിന്ന് മാറിനടന്നു. ഈജിപ്ഷ്യന്‍ മുഫ്തിയായി പ്രവര്‍ത്തിച്ചിരുന്നപ്പോഴും അദ്ദേഹത്തിന്റെ ഫത്‌വകള്‍ വിവാദങ്ങള്‍ക്ക് കളമൊരുക്കിയിരുന്നില്ല. ■

## ഒടുവില്‍ ഇസ്‌ലാം ഓണ്‍ലൈനും...




**അറബിയിലും** ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്ന ഇസ്‌ലാം ഓണ്‍ലൈന്‍ നെറ്റ് എന്ന പ്രശസ്ത വെബ് സൈറ്റിന്റെ ജീവാത്മാവും പരമാത്മാവും ആരെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ- ഡോ. യൂസുഫുല്‍ ഖറദാവി. അദ്ദേഹമാണ് അതിന്റെ സ്ഥാപകന്‍. എല്ലാ ഇസ്‌ലാമിക ചിന്താധാരകളെയും പരിചയപ്പെടുത്താനും പക്ഷം പിടിക്കാതിരിക്കാനും സൈറ്റിന് പിന്‍ബലമേകുന്നത് ഖറദാവിയുടെ നിഷ്പക്ഷവും സന്തുലിതവുമായ നിലപാടുകളാണ്. സ്വാഭാവികമായും 2010 മാര്‍ച്ച് 23-ന് വന്ന വാര്‍ത്ത ഇസ്‌ലാം ഓണ്‍ലൈന്‍ സന്ദര്‍ശകരെ ഞെട്ടിക്കുക തന്നെ ചെയ്തു. ഖത്തറിലെ *ബലാഗ്* സൊസൈറ്റിയുടെ ഉടമസ്ഥതയിലാണ് സൈറ്റ് പ്രവര്‍ത്തിക്കുന്നത്. ആ സൊസൈറ്റിയുടെ അധ്യക്ഷ സ്ഥാനത്ത് നിന്ന് ഡോ. ഖറദാവിയെ നീക്കി എന്നാണ് വാര്‍ത്ത. ഖത്തറിലെ സാമൂഹിക ക്ഷേമ മന്ത്രാലയം ഈ വിവരം ഖറദാവിയുടെ ഓഫീസ് സെക്രട്ടറിയെ അറിയിക്കുകയായിരുന്നു. ഡോ.

ഇബ്‌റാഹീം അൻസാരിയുടെ നേതൃത്വത്തിലുള്ള ഒരു സംഘത്തെ ബലാഗ് സൊസൈറ്റിയുടെ താൽക്കാലിക ചുമതല ഏൽപ്പിച്ചതായും അറിയിപ്പിലുണ്ട്.

ഇസ്‌ലാം ഓൺലൈനിന് സാമ്പത്തിക സഹായം നൽകുന്നത് ഖത്തറാണെങ്കിലും കഴിഞ്ഞ പതിനൊന്ന് വർഷമായി (1999–ൽ സ്ഥാപിതം) അത് പ്രവർത്തിച്ചുവരുന്നത് കയ്‌റോയിലാണ്. മീഡിയ ഇന്റർ നാഷ്‌നൽ കമ്പനിയായിരുന്നു അതിന്റെ ആസ്ഥാനം. കമ്പനിയിലുള്ള സൈറ്റിന്റെ ആസ്തികൾ കൈപറ്റുന്നതിന് ഖത്തറിൽനിന്ന് ഒരു സംഘം അഭിഭാഷകർ കയ്‌റോയിൽ എത്തിയിരുന്നു. ആസ്ഥാനം ഉടൻ ഖത്തറിലേക്ക് മാറ്റാനും തീരുമാനമായിട്ടുണ്ട്. ഇതിനെതിരെ സൈറ്റിലെ ജേർണലിസ്റ്റുകളും ഓഫീസ് ജീവനക്കാരും (ഇവർ മൊത്തം 340 വരും) ഒറ്റക്കെട്ടായി രംഗത്ത് വന്നിരിക്കുകയാണ്. രണ്ടാഴ്ചയോളമായി അവർ പണിമുടക്കിലാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും നൽകാതെ ആസ്ഥാനം മാറ്റാൻ സമ്മതിക്കില്ലെന്ന ദൃഢനിശ്ചയത്തിലാണ് അവർ.

ഇസ്‌ലാം ഓൺലൈൻ ജീവനക്കാരെല്ലാം ഡോ. ഖറദാവിയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചിരിക്കുകയാണ്. ഡോ. ഖറദാവിയുടെ നേതൃത്വത്തിൽ ഒരു ബദൽ മീഡിയാ സംവിധാനം ഉണ്ടാക്കാനും അതിനു വേണ്ടി സംഭാവനകളിലൂടെ ഫണ്ട് കണ്ടെത്താനും അവർ തീരുമാനിച്ചിട്ടുണ്ട്. “ഡോ. ഖറദാവിയുടെ മിതവും സന്തുലിതവുമായ നിലപാടുകളെ പിന്തുണക്കുന്ന എല്ലാവരും ഈ സംരംഭത്തെ സഹായിക്കുമെന്നാണ് പ്രതീക്ഷ.” ഇസ്‌ലാം ഓൺലൈൻ എഡിറ്റർ ഹിശാം ജഅ്ഫർ പറഞ്ഞു.

ഖറദാവിയെ നീക്കാനും കയ്‌റോയിലെ ആസ്ഥാനം അടച്ചുപൂട്ടാനുമുള്ള കാരണം എന്തെന്ന് വ്യക്തമല്ല. ഖറദാവിയുടെ എതിർചേരിയിലുള്ള ഒരു വിഭാഗം *ബലാഗി*ന്റെ നേതൃത്വം തട്ടിയെടുക്കുകയായിരുന്നു എന്നാണ് ആരോപണം. വളരെ പ്രതീക്ഷയുണർത്തിയ ഒരു സ്ഥാപനത്തിന്റെ ദുഃഖകരമായ പര്യവസാനത്തിനാണ് നാം സാക്ഷികളായിക്കൊണ്ടിരിക്കുന്നത്. ■

# അനിശ്ചിതത്വത്തിന് നടുവിൽ ഒരു തെരഞ്ഞെടുപ്പ്

**“തെരഞ്ഞെടുപ്പ്** ഒരു മണിക്കൂർ പോലും വൈകിക്കില്ല.” ഏപ്രിൽ 11–ന് നടക്കാനിരിക്കുന്ന പ്രസിഡന്റ് –പാർലമെന്റ് തെരഞ്ഞെടുപ്പുകളെക്കുറിച്ചാണ് സുഡാൻ പ്രസിഡന്റ് ഉമറുൽ ബഷീർ അങ്ങനെ പറഞ്ഞത്. കഴിഞ്ഞ 24 വർഷത്തിനിടക്ക് സുഡാനിൽ നടക്കുന്ന ആദ്യത്തെ ബഹുകക്ഷി തെരഞ്ഞെടുപ്പ് എന്ന പ്രത്യേകതയും ഇതിനുണ്ട്. പക്ഷേ, ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇപ്പോഴും കടുത്ത അനിശ്ചിതത്വം നിലനിൽക്കുകയാണ്. മിക്ക പ്രതിപക്ഷ കക്ഷികളും തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. വിദേശ നിരീക്ഷകരെ പുറത്താക്കുമെന്ന ബഷീറിന്റെ ഭീഷണി പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു. ദാർഫോറിലും തെക്കൻ സുഡാനിലും സ്ഥിതിഗതികൾ മാറ്റമില്ലാതെ തുടരുന്നതും തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കും.



തെരഞ്ഞെടുപ്പ് അടുത്ത നവംബർ വരെയെങ്കിലും നീട്ടിവെക്കണമെന്നാണ് പ്രതിപക്ഷ ആവശ്യം. തെരഞ്ഞെടുപ്പിന് വേണ്ട സാങ്കേതിക മുന്നൊരുക്കങ്ങളൊന്നുമായിട്ടില്ലെന്നാണ് അവർ ചൂണ്ടിക്കാട്ടുന്നത്. 24 വർഷം കഴിഞ്ഞ് നടക്കുന്ന തെരഞ്ഞെടുപ്പായതിനാൽ ഓരോ പ്രദേശത്തും പതിനായിരക്കണക്കിനാളുകൾ വോട്ടേഴ്സ് ലിസ്റ്റിന്റെ പുറത്താണ്. ഇതെല്ലാം ന്യായമായ ആവശ്യങ്ങളാണ് താനും. പക്ഷേ, ഉമറുൽ ബഷീർ തന്റെ ഉറച്ച തീരുമാനവുമായി മുന്നോട്ടു പോവുകയാണ്. ഇത് ചുളുവിൽ പ്രസിഡന്റ് പദവി ഉറപ്പിക്കാനുള്ള ശ്രമമാണെന്നും തെരഞ്ഞെടുപ്പിൽ വ്യാപകമായി കൃത്രിമം നടക്കുമെന്നും അവർ ആരോപിക്കുന്നു. “രണ്ട് മാർഗമേ ഞങ്ങളുടെ മുമ്പിലുള്ളൂ. ഒന്ന്, തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുക. രണ്ട്, വിജയം ആർക്കെന്ന് മുൻകൂട്ടി തീരുമാനിച്ച ഒരു തെര

ഞ്ഞെടുപ്പിൽ പങ്കെടുത്ത് സ്വയം പരിഹാസ്യരാവുക. ഞങ്ങൾ ആദ്യത്തെ മാർഗം സ്വീകരിക്കുന്നു.” ഇതാണ് പ്രതിപക്ഷ നിലപാട്.

മുഖ്യധാരാ പാർട്ടികളുടെ ശൈഥില്യവും തെരഞ്ഞെടുപ്പിനെ പ്രവചനാതീതമാക്കുന്നു. ഇസ്‌ലാമിസ്റ്റുകൾ പോലും പല ഗ്രൂപ്പുകളായി ഭിന്നിച്ച് നിൽക്കുന്നു. 66 പാർട്ടികളുടെ നാലായിരത്തിൽ പരം സ്ഥാനാർഥികളാണ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. പ്രസിഡന്റ് സ്ഥാനാർഥികളായി നിലവിലുള്ള പ്രസിഡന്റ് ഉമറുൽ ബഷീർ ഉൾപ്പെടെ പന്ത്രണ്ട് പേരുണ്ട്. ഈ ശൈഥില്യത്തിനിടയിൽ, സംശുദ്ധമായ തെരഞ്ഞെടുപ്പ് നടന്നാൽ പോലും ഏകാധിപത്യ പ്രവണതകൾ പ്രകടിപ്പിക്കുന്ന ഉമറുൽ ബഷീർ ജയിച്ചു വന്നേക്കും. ■

മരണം

# പ്രഫ. എ. റഹ്മാൻ



**ഈയിടെ** ന്യൂദൽഹിയിലെ ഓക്‌ലയിൽ അന്തരിച്ച പ്രഫ. എ. റഹ്മാൻ ഇന്ത്യയിലെ മുൻനിര ശാസ്ത്ര പണ്ഡിതരിലൊരാളായിരുന്നു. അലീഗഢിൽനിന്ന് ബിരുദമെടുത്ത ശേഷം ബാഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് ബിരുദാനന്തര ബിരുദം. തുടർന്ന് ടാറ്റാ സ്കോളർഷിപ്പോടെ ഇംഗ്ലണ്ടിൽ രണ്ടു വർഷത്തെ പഠനം. അക്കാലയളവിൽ ജി.ഡി ബർണൽ പോലുള്ള പ്രശസ്തരായ ശാസ്ത്രജ്ഞരുമായി അടുത്തിടപഴകാൻ അവസരം ലഭിച്ചു. ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം ശാസ്ത്ര സ്ഥാപനങ്ങളുടെ വളർച്ചക്കും ശാസ്ത്ര ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നിരവധി സംരംഭങ്ങൾക്ക് നേതൃത്വം നൽകി. കൗൺസിൽ ഓഫ് സൈന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്, ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി, റൂർക്കെയിലെ സെൻട്രൽ ബിൽഡിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ ജോലി നോക്കിയിട്ടുണ്ട്.

കമ്മിറ്റി ഓൺ സയൻസ് പോപ്പുലറൈസേഷൻ എന്ന സമിതിയുടെ അധ്യക്ഷനായിരിക്കെയാണ് അദ്ദേഹം തർഖി ഉർദു ബോർഡിന്റെ കീഴിൽ 1975-ൽ *സയൻസ് കി ദുൻയ* എന്ന ഉർദു ശാസ്ത്ര മാഗസിൻ ആരംഭിച്ചത്. അത് ഇപ്പോഴും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. പൊതു സമൂഹത്തിൽ ശാസ്ത്രാവബോധം വളർത്താൻ നടത്തിയ സേവനങ്ങളുടെ പേരിൽ അദ്ദേഹത്തിന് പത്മശ്രീ ലഭിച്ചിട്ടുണ്ട്. ശാസ്ത്ര നയങ്ങളെക്കുറിച്ചും ശാസ്ത്ര ചരിത്രത്തെക്കുറിച്ചും രണ്ട് ഡസനിലധികം പുസ്തകങ്ങളും 200ലധികം പ്രബന്ധങ്ങളും രചിച്ചു. ■